<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2913 13.07.2015 ന് മറുപടിയ്ക്ക്

## നീര ടോഡി ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) നീര ടോഡി ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ? | (എ) തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയെന്ന ലക്ഷ്യത്തോടുംകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളീകേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്.<br>എന്നാൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.05.2015 ന കൂടിയ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി. ബോർഡിനെ നിലവിലുള്ള ഉദ്ദേശ ലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ടോഡി ബോർഡും, രൂപീകരിക്കുവാൻ 22.06.2015 ലെ ജി.ഒ(എം.എസ്) നം.111/2015/ കൃഷി ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ